# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2007 ആഗസ്റ്റ് 1

# സ്വാശ്രയപ്രശ്നം ഭൗതികനേട്ടത്തിന്

കോട്ടയം: സ്വാശ്രയ പ്രശ്നത്തിന്റെ പേരിൽ ചില മെത്രാന്മാരും രാഷ്ട്രീയ പ്രമുഖരും നടത്തുന്ന കോലാഹലങ്ങളും, വാറോലകളും വിശ്വാസം സംരക്ഷിക്കാനോ, ജന നന്മക്കോ, രാഷ്ട്രീയ തത്വസംഹിതകൾ നിറവേറ്റാനോ അല്ല എന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി വിലയിരുത്തി.

സ്വാശ്രയ പ്രശ്നത്തിലെ സുപ്രീംകോടതി ഉത്തരവുകളെ ശ്ലാഘിക്കുകയും നടപ്പാക്കാൻ തത്രപ്പെടുകയും ചെയ്യുന്ന മെത്രാന്മാരും രാഷ്ട്രീയ പ്രമുഖരും മലങ്കരസഭാ പ്രശ്നത്തിന് 1995 -ലുണ്ടായ സുപ്രീംകോടതി വിധിപ്രകാരം നാളിതുവരെ പ്രശ്നം പരിഹരിക്കാൻ ചെറുവിരൽ പോലും അനക്കിയിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവൺമെന്റ് അധിനിവേശം തടയും എന്നു പ്രഖ്യാപിക്കുന്നവർ ഉത്തരവുകളും നിയമങ്ങളും കാറ്റിൽ പറത്തി സഭ വക സ്ഥാപനങ്ങളിൽ അധിനിവേശം നടത്തുന്നതിനെ അപലപിക്കപോലും ചെയ്യാതിരിക്കുന്നു.

സഭയെ പിളർത്തിയാലേ കുറച്ചാടുകളെ തങ്ങളുടെ തൊഴുത്തിലാക്കാൻ സാധിക്കൂ. അതിനായി ചരിത്രത്തിൽ പോലുമില്ലാത്ത സ്വതന്ത്ര കാതോലിക്കേറ്റുകൾ സൃഷ്ടിച്ച് വിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതും സ്വാശ്രയപ്രശ്നവും ഭൗതികനേട്ടത്തിനു വേണ്ടിയാണ്. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുന്ന ക്രൈസ്തവ നേതാക്കൾ ഉണ്ടെങ്കിൽ ഇൻഡ്യൻ ഭരണഘടനയോടു കൂറുള്ള രാഷ്ട്രീയക്കാരുണ്ടെങ്കിൽ ഓർത്തഡോക്സ് സഭയ്ക്ക് 1995-ൽ കിട്ടിയ സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാൻ ആർജ്ജവം കാട്ടണം. അല്ലാതെ ദേശീയ ക്രൈസ്തവ സമൂഹത്തെ പിളർത്തിയും തമ്മിലടിപ്പിച്ചും വൈദേശിക അധിനിവേശക്കാരെ പരിപോഷിപ്പിക്കുന്നതും വിദ്യാഭ്യാസ കച്ചവടവും ക്രൈസ്തവമല്ല. രാഷ്ട്രീയക്കാരന്റെ വോട്ടു ബാങ്കിനും മാധ്യമ പ്രമാണിമാരുടെ വാർത്താസ്രോതസ്സിനും വിദ്യാഭ്യാസ കച്ചവടക്കാരന്റെ ന്യൂനപക്ഷ അവകാശത്തിനും മെത്രാൻ സ്ഥാനമോഹികളുടെയും മന്ത്രിക്കസേര മോഹികളുടെയും കേളീരംഗമായി സഭകൾ തരംതാഴരുത്. ക്രിസ്തുവിനെ ക്രൂശിച്ച ഭരണക്കാരുടെയും മഹാപുരോഹിതന്മാരുടെയും വഴി സഭകളും രാഷ്ട്രീയക്കാരും ഉപേക്ഷിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ചിക്കൻഗുനിയ ബാധിത പ്രദേശങ്ങളിൽ ഭക്ഷണവും മരുന്നും വിതരണം ചെയ്ത് മാതൃക കാട്ടിയ ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ നടപടിയെ യോഗം അഭിനന്ദിച്ചു.

പ്രസിഡണ്ട് ശ്രീ. കെ. വി. ഏബ്രഹാം കൊടുവത്ത് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ, ക്യാപ്റ്റൻ കോശി മത്തായി, ബാബു വെട്ടുവേലി, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ പ്രസംഗിച്ചു.

**രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റർനെറ്റ് എഡീഷൻ പരതിയിട്ടും മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ? നിരാശപ്പെടേണ്ട. നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ? മലങ്കര ഓർത്തഡോക്സ് ടി. വി.**

**നിങ്ങൾക്ക് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ മലങ്കര ഓർത്തഡോക്സ് ടി. വി. നിങ്ങൾക്ക് ശരിയായി പ്രയോജനപ്പെടുത്താൻ സാധിക്കും**

**ഔഗേൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കബറടക്കത്തിന്റെ വീഡിയോ ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്ത് കാണുവാനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാണ്.**

**മലങ്കര ഓർത്തഡോക്സ് ടിവി**

സന്ദർശിച്ചുകൊണ്ടിരിക്കുക

**www.malankaraorthodox.tv/**